**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3171

13.03.2017 - ൽ മറുപടിക്ക്.

**ആശ്രയ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അനിൽ അക്കര | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ആശ്രയ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) അഗതികളായിട്ടുള്ള മുഴുവൻ പേരുടെയും ലിസ്റ്റ് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ; | (ബി) 2017-18 സാമ്പത്തിക വർഷത്തോടു കൂടി കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. 2017-18 സാമ്പത്തിക വർഷത്തോടു കൂടി തന്നെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അഗതികളുടെ ലിസ്റ്റും പദ്ധതിയും തയ്യാറാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) ദാരിദ്ര്യത്തിൽ നിന്ന് ഓരോ കുടുംബത്തെയും കരകയറ്റുന്നതിന് ആവശ്യമായ കുടുംബപദ്ധതിക്ക് രൂപം നൽകുന്ന കാര്യത്തിൽ ആശ്രയ പദ്ധതി എത്രമാത്രം വിജയിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കുടുംബശ്രീയുടെ സഹായത്തോടുകൂടി തയ്യാറാക്കുന്ന ആശ്രയ പദ്ധതിയിൽ അഗതി കുടുംബങ്ങളുടെ സർവ്വേയും അവരുടെ ആവശ്യങ്ങളുമാണ് ആദ്യം നടത്തുന്നത്. ആയതിന് ശേഷം വ്യക്തിഗത പ്രോജക്ടുകൾ തയ്യാറാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനസ്രോതസ്സുകൾ കണ്ടെത്തുന്നു. ഉദാ: ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം മുതലായവയ്ക്ക് കുടുംബശ്രീയുടെ ചലഞ്ച് ഫണ്ട്, വീട്, ഭൂമി, കുടിവെള്ളം തുടങ്ങിയവയ്ക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട്/തനത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് ഫണ്ട്, മുതലായവ. ആയതിന് ശേഷമാണ് പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുന്നത്. പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചാൽ വ്യക്തിഗത പ്രോജക്ടുകൾക്കനുസരിച്ച് തന്നെയാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാൽ അഗതി കുടുംബങ്ങളെ അഗതിത്വത്തിൽ നിന്നും കരകയറ്റുന്നതിന് സാധിച്ചിട്ടുള്ളതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി ഒരു വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ